(ബി) എങ്കിൽ പണി പൂർത്തീകരിക്കാൻ വിമുഖത കാട്ടുന്ന കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഒഴിവാക്കി പുതിയ കരാറുകാരനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

മയ്യനാട് താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

56 (653) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുടങ്ങിക്കിടക്കുന്ന മയ്യനാട് താന്നിപാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാൻ നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി കിട്ടുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ;

(ബി) കരാറുകാരൻ കോടതിവഴി നേടിയിട്ടുള്ള സ്റ്റേ ഉത്തരവ് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്റ്റേ നീക്കികിട്ടുന്നതിന് കോടതിയെ സമീപിച്ചെങ്കിലും കോടതിയിൽ നിന്നും ഇതേ വരെ ഉത്തരവുണ്ടായിട്ടില്ല.

പൊതുമരാമത്ത് വകുപ്പിൽനിന്നും പുനർവിന്യസിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ

57 (654) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽനിന്നും പുനർവിന്യാസം മുഖേന തദ്ദേശഭരണ വകുപ്പിലേക്ക് മാറ്റിനിയമിച്ച വിവിധ വിഭാഗം ഉദ്യോഗസ്ഥർക്ക് കഴിഞ്ഞ മാസത്തെ ശമ്പളം ലഭിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ശമ്പളം ലഭിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ ;

(സി) ഇവർക്ക് ശമ്പളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) പുനർവിനിയസിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് യഥാസമയം ശമ്പളം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് മുൻകൂട്ടി നൽകിയിട്ടുണ്ട്.

എൻ. ജി. ഒ. ക്വാർട്ടേഴ്സുകളുടെ പുനർ നിർമ്മാണത്തിനുള്ള മാനദണ്ഡം

58 (655) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എൻ. ജി. ഒ. ക്വാർട്ടേഴ്സുകളുടെ പുനർ നിർമ്മാണത്തിനു വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഓരോ ക്വാർട്ടേഴ്സിന്റെയും അറ്റകുറ്റപ്പണികളും പുനർ നിർമ്മാണവും നടത്തിയത് പ്രസ്തുത ക്വാർട്ടേഴ്സുകളിലെ താമസക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണോ ; അതോ പൊതുമരാമത്ത് ബിൽഡിംഗ്സ് മെയിന്റനൻസ് പൊതുവായി നടത്തുന്നതിന്റെ ഭാഗമായിട്ടാണോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) അറ്റകുറ്റപ്പണികളും പുനർനിർമ്മാണ പ്രവർത്തനങ്ങളും നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതൊക്കെ ക്വാർട്ടേഴ്സുകളിലെ താമസക്കാരിൽ നിന്നാണ് ബിൽഡിംഗ്സ് മെയിന്റനൻസ് വിഭാഗത്തിനു അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(ഡി) അതിൽ ഏതൊക്കെ ക്വാർട്ടേഴ്സുകളിലാണ് അറ്റകുറ്റപ്പണികളും പുനർനിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളതെന്നും അതിൽ ഓരോ ക്വാർട്ടേഴ്സിനും വേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും പ്രസ്തുത ക്വാർട്ടേഴ്സുകളിലെ താമസക്കാരുടെ പേരും അവർ ജോലി ചെയ്യുന്ന ആഫീസും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ ;

(ഇ) ക്വാർട്ടേഴ്സുകളിലെ താമസക്കാരിൽ നിന്ന് അറ്റുകുറ്റപ്പണികൾക്കും മറ്റു പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കും അപേക്ഷ ലഭിച്ചാൽ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇൻസർവ്വേറ്റി കോമ്പൗണ്ടിൽ എത്ര 'സി' ടൈപ്പ് ക്വാർട്ടേഴ്സുകളുണ്ട് അതിൽ എത്ര ക്വാർട്ടേഴ്സുകളിലാണ് പുതുതായി ആസ്ബറ്റോസ് ഷീറ്റ് ഇട്ട് എക്സ്റ്റൻഷൻ വർക്ക് നടത്തിയിട്ടുള്ളത് ; മറ്റ് 'സി' ടൈപ്പ് ക്വാർട്ടേഴ്സുകളിൽ പ്രസ്തുത പ്രവൃത്തി നടത്താതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly